**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1000** **25.01.2018 ലെ മറുപടി**

**<u>താഴേക്കോട് -ആലിപ്പറമ്പ് കുടിവെള്ള പദ്ധതി</u>**

| <u>ചോദ്യം</u><br>**ശ്രീ.മഞ്ഞളാംകുഴി അലി** | <u>മറുപടി</u><br>**മാത്യൂ ടി.തോമസ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
|---|---|
| എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ താഴേക്കോട് -ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന സി.എ.ആർ ഡബ്ല്യൂ.എസ്.എസ്. താഴേക്കോട് -ആലിപ്പറമ്പ് കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് നാളിതുവരെ തുക വകയിരുത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) പ്രസ്തുത പദ്ധതി അനന്തമായി നീളുന്നത് പദ്ധതിച്ചെലവ് വർദ്ധിക്കുന്നതിന് ഇടയാക്കുന്നതും ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നതിന് കാലതാമസമുണ്ടാക്കുന്നതും ആയ കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;<br><br>സി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ തുക ഏത് രീതിയിൽ വകയിരുത്താൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ<br><br>ഡി) പ്രസ്തുത പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിനും ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ? | എ, ബി, സി, & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച 7.5 കോടി രൂപയുടെ പദ്ധതിയിൽപ്പെടുത്തി കിണർ, ജലശുദ്ധീകരണശാല, റാ-വാട്ടർ പമ്പിങ് മെയിൻ, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ദേശീയഗ്രാമീണ കുടിവെള്ള പദ്ധതിക്ക് കേന്ദ്രം നൽകിയിരുന്ന വിഹിതം ഗണ്യമായി കുറച്ചതു കാരണം വിതരണ ശൃംഖല ഉൾപ്പെടെയുള്ള ശേഷിക്കുന്ന ഘടകങ്ങൾക്ക് വിശദ റിപ്പോർട്ട് തയ്യാറാക്കുന്ന മുറയ്ക്ക് ഇതര സ്രോതസ്സ് കണ്ടെത്തേണ്ടതായിട്ടുണ്ട്. ആയതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ